പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 79

# 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 79

# 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ബിൽ

212/2012.

# 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ബിൽ

ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്ക് എതിരായ അക്രമം നിരോധിക്കുന്നതിനും ആരോഗ്യരക്ഷാ സേവനസ്ഥാപനങ്ങളിലെ സ്വത്തിനുള്ള നാശവും നഷ്ടവും തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയകാര്യങ്ങൾക്കും വേണ്ടിയുള്ള

ഒരു

ബിൽ

പീഠിക.—ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്ക് എതിരായ അക്രമം നിരോധിക്കുന്നതിനും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിലെ സ്വത്തിനുള്ള നാശവും നഷ്ടവും തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 ആഗസ്റ്റ് 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങൾ" എന്നാൽ രോഗികളുടെ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഉള്ളതും അവരുടെ പ്രവേശനത്തിനും താമസത്തിനും വേണ്ടി ഉപയോഗിക്കുന്നതുമായ ഏതെങ്കിലും സ്വകാര്യ ആശുപത്രിയും,

പ്രസവവുമായോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലുമായോ ബന്ധപ്പെട്ട് മാറ്റി പാർപ്പിക്കലിനും, പ്രസവത്തിനു മുൻപും പ്രസവാനന്തരവുമുള്ള ശുശ്രൂഷയുടെ ആവശ്യത്തിനുമായി സ്ത്രീകളെ സാധാരണയായി പ്രവേശിപ്പിക്കുന്നതും താമസിപ്പിക്കുന്നതുമായ ഏതൊരു സ്വകാര്യ പ്രസൂതിമന്ദിരവും, ഏതെങ്കിലും ശാരീരികമോ മാനസികമോ ആയ അവശതയോ രോഗമോ പരിക്കോ അനുഭവിക്കുന്ന ആളുകളുടെ പ്രവേശനത്തിനും താമസത്തിനും ഉപയോഗിക്കുന്നതോ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നതോ ആയതും ചികിത്സയോ ശുശ്രൂഷയോ ഇവ രണ്ടുംകൂടിയോ നൽകുന്നതുമായ ഏതൊരു സ്വകാര്യ നഴ്സിംഗ് ഹോമും ഉൾപ്പെടെയുള്ള, ജനങ്ങൾക്ക് ആരോഗ്യരക്ഷ നൽകുന്നതും സംസ്ഥാന അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ തദ്ദേശനികായങ്ങൾ മുതലായവയുടെയോ നിയന്ത്രണത്തിലുള്ളതുമായ എല്ലാ സ്ഥാപനങ്ങളും എന്ന് അർത്ഥമാകുന്നതും അതിൽ ഒരു പ്രസൂതിമന്ദിരവും, രോഗാനന്തര വിശ്രമമന്ദിരവും, ക്ലിനിക്കും, ആരോഗ്യരക്ഷാ സേവന പ്രവർത്തകരുടെ വസതിയും അല്ലെങ്കിൽ പരിശോധനാമുറികളും ഉൾപ്പെടുന്നതുമാകുന്നു;

(ബി) ഒരു ആരോഗ്യരക്ഷാ സേവന സ്ഥാപനവുമായി ബന്ധപ്പെട്ട് "ആരോഗ്യ രക്ഷാ സേവന പ്രവർത്തകർ" എന്നതിൽ,—

(i) ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള, താത്ക്കാലിക രജിസ്ട്രേഷൻ ഉള്ളവർ ഉൾപ്പെടെയുള്ള, മെഡിക്കൽ പ്രാക്ടീഷണർമാർ ;

(ii) രജിസ്റ്റർ ചെയ്തിട്ടുള്ള നഴ്സുമാർ ;

(iii) മെഡിക്കൽ വിദ്യാർത്ഥികൾ ;

(iv) നഴ്സിംഗ് വിദ്യാർത്ഥികൾ ;

(v) മെഡിക്കൽ സേവന സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളതും ജോലി ചെയ്തുവരുന്നതുമായ പാരാമെഡിക്കൽ ജീവനക്കാർ,

ഉൾപ്പെടുന്നതാണ് ;

(സി) "കുറ്റക്കാരൻ" എന്നാൽ ഒറ്റയ്ക്കോ ഒരു സംഘം ആളുകളുടെയോ സംഘടനകളുടെയോ നേതാവായോ, ഒരു അംഗമായോ, ഈ ആക്റ്റ് പ്രകാരമുള്ള അക്രമം ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ പ്രേരിപ്പിക്കുകയോ പ്രചോദനം നൽകുകയോ ചെയ്യുന്ന ഏതൊരാളും എന്നർത്ഥമാകുന്നു ;

(ഡി) "സ്വത്ത്" എന്നാൽ ഏതെങ്കിലും ആരോഗ്യരക്ഷാ സേവന പ്രവർത്തകന്റെയോ ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിന്റെയോ ഉടമസ്ഥതയിലോ കൈവശത്തിലോ നിയന്ത്രണത്തിൻകീഴിലോ ഉള്ള സ്ഥാവരമോ ജംഗമമോ ആയ ഏതെങ്കിലും സ്വത്തോ മെഡിക്കൽ ഉപകരണമോ മെഡിക്കൽ യന്ത്രമോ എന്നർത്ഥമാകുന്നു ;

(ഇ) "അക്രമം" എന്നാൽ ഏതെങ്കിലും ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിൽ കർത്തവ്യനിർവ്വഹണത്തിലിരിക്കുന്ന ഏതെങ്കിലും ആരോഗ്യരക്ഷാ സേവന പ്രവർത്തകന് എന്തെങ്കിലും ഹാനിയോ പരിക്കോ ഉണ്ടാക്കുന്നതോ ജീവൻ അപായപ്പെടുത്തുന്നതോ ആയ പ്രവർത്തനങ്ങളോ ഭീഷണിയോ, തടസ്സമോ വിഘ്നമോ ആരോഗ്യരക്ഷാ സ്ഥാപനത്തിലെ സ്വത്തിന് നാശമോ നഷ്ടമോ ഉണ്ടാക്കുകയോ എന്നർത്ഥമാകുന്നു.

3. അക്രമം നിരോധിക്കൽ.—ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്ക് എതിരായ അക്രമവും അല്ലെങ്കിൽ ആരോഗ്യരക്ഷാ സേവനസ്ഥാപനത്തിലെ സ്വത്തിന് നാശമോ നഷ്ടമോ ഉണ്ടാക്കുന്ന ഏതൊരു കൃത്യവും ഇതിനാൽ നിരോധിച്ചിരിക്കുന്നു.

4. 3-ാം വകുപ്പിന്റെ ലംഘനത്തിനുള്ള ശിക്ഷയും മറ്റ് അനന്തരഫലവും.—(1) 3-ാം വകുപ്പ് ലംഘിച്ചുകൊണ്ട് ഏതെങ്കിലും കൃത്യം ചെയ്യുന്ന ഏതൊരു കുറ്റക്കാരനും മൂന്നുവർഷംവരെയാകാവുന്ന കാലയളവിലേക്കുള്ള തടവും അൻപതിനായിരം രൂപ വരെ ആകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ശിക്ഷയ്ക്കുപുറമെ, കേടുവരുത്തിയ മെഡിക്കൽ ഉപകരണത്തിന്റെ ക്രയവിലയുടെ ഇരട്ടി തുകയും സ്വത്തിന് ഉണ്ടാക്കിയ നഷ്ടം കുറ്റം വിചാരണ ചെയ്യുന്ന കോടതി തീരുമാനിക്കുന്ന പ്രകാരവും, നഷ്ടപരിഹാരമായി ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിന് നൽകാൻ കുറ്റക്കാരൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

(3) കുറ്റക്കാരൻ, (2)-ാം ഉപവകുപ്പ് പ്രകാരം നഷ്ടപരിഹാരം നൽകാത്ത പക്ഷം പ്രസ്തുത തുക അയാളിൽ നിന്നും ലഭിക്കേണ്ടതായ ഭൂനികുതിയുടെ ഒരു കുടിശ്ശികയായിരുന്നാലെന്നപോലെ, 1968-ലെ കേരള റവന്യൂ റിക്കവറി ആക്റ്റിലെ (1968-ലെ 15) വ്യവസ്ഥകൾപ്രകാരം, ഈടാക്കേണ്ടതാണ്.

(4) 3-ാം വകുപ്പ് പ്രകാരം ചെയ്യുന്ന ഏതൊരു കുറ്റവും കോഗ്നൈസബിളും ജാമ്യം അനുവദിക്കാൻ പാടില്ലാത്തതും ആകുന്നു.

5. ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് പുറമെയും അതിന് ഭംഗം വരുത്താതെയും ആയിരിക്കുമെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമങ്ങളിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയുമായിരിക്കുന്നതാണ്.

6. വൈദ്യചികിത്സയുടെ പൂർണ്ണവിവരം നൽകുന്നതിനുള്ള ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളുടെ ഉത്തരവാദിത്വം.—ഓരോ ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിനും, അത്തരം ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങൾ നൽകിയ വൈദ്യചികിത്സയെക്കുറിച്ചുള്ള പൂർണ്ണവിവരം പ്രസ്തുത സ്ഥാപനങ്ങളിൽ ചികിത്സ തേടുന്ന രോഗികൾക്കോ അവരുടെ ബന്ധുക്കൾക്കോ ലിഖിതമായി നൽകുന്നതിനുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

7. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ആവശ്യത്തിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ഓരോ ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദംവരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അഥവാ യാതൊരു പ്രാബല്യവും ഇല്ലാതായിത്തീരുകയോ ചെയ്യുന്നതുമാണ്; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

8. സാധൂകരണം.—2011-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഓർഡിനൻസിന് (2011-ലെ 23) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യമില്ലാതായ 2011 ജൂലൈ 13-ാം തീയതി മുതൽ 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഓർഡിനൻസ് (2012-ലെ 20) ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതിയായ 11-2-2012 വരെ പ്രസ്തുത ഓർഡിനൻസിൽ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ, എടുത്ത ഏതെങ്കിലും നടപടിയോ പ്രസ്തുത ഓർഡിനൻസിന് പ്രാബല്യമില്ലാതായിരുന്നില്ലായെങ്കിൽ പ്രസ്തുത ഓർഡിനൻസിൻ കീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്നപോലെ ഈ ആക്റ്റിലെ തത്തുല്യമായ വ്യവസ്ഥകളിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും പ്രസ്തുത ഓർഡിനൻസിന് പ്രാബല്യമില്ലാതായതിനുശേഷവും 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഓർഡിനൻസ് (2012-ലെ 20) ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതിക്ക് മുമ്പും ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളേയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല.

9. റദ്ദാക്കലും ഒഴിവാക്കലും.— (1) 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഓർഡിനൻസ് (2012-ലെ 20) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും

സ്വത്തിനുള്ള നാശവും തടയൽ) ഓർഡിനൻസ് (2012-ലെ 20) പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റുപ്രകാരം ചെയ്തതായോ എടുത്തതായോ ആയി കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഡോക്ടർമാർക്കും ആശുപത്രികൾക്കും ആശുപത്രിയിൽ ജോലി ചെയ്യുന്ന മറ്റു ജീവനക്കാർക്കും എതിരായി ആക്രമണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി വിവിധ സംഘടനകൾ പരാതിപ്പെടുകയും, ആയതിനാൽ, സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ അവർക്ക് എതിരായുള്ള അക്രമങ്ങളെ തുടർന്ന് ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിലും ആശുപത്രികളിലും ജോലി ചെയ്തുവരുന്ന ഡോക്ടർമാരേയും മറ്റു ജീവനക്കാരെയും സംരക്ഷിക്കുന്നതിനായി ഒരു പ്രത്യേക നിയമം നിർമ്മിക്കുന്നതിന് സർക്കാർ മുമ്പാകെ നിവേദനങ്ങൾ സമർപ്പിച്ചു.

2. ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്ക് എതിരായ അക്രമം നിരോധിക്കുന്നതും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിലെ സ്വത്തിനുള്ള നാശവും നഷ്ടവും തടയുന്നതിനും നിയമനിർമ്മാണം നടത്തേണ്ടുന്നത് ആവശ്യമായി വരുന്ന ഒരു സാഹചര്യം ഉണ്ടെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുകയുണ്ടായി. ആയതിനാൽ ആശുപത്രികൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങളെ നിർവ്വചിക്കുകയും അത്തരം നടപടികളെ ഒരു പ്രത്യേക നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും സർക്കാർ തീരുമാനിച്ചു.

3. ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിൽ ചികിത്സതേടുന്ന രോഗികൾക്കോ, അവരുടെ ബന്ധുക്കൾക്കോ ചികിത്സാ സംബന്ധമായ പൂർണ്ണ വിവരങ്ങൾ രേഖാമൂലം നൽകുന്നതിനുള്ള ഉത്തരവാദിത്വം ആശുപത്രി അധികൃതർക്ക് ഉണ്ടായിരിക്കും എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തിക്കൊണ്ട് നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചു.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശത്തിന് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2010-ലെ കേരള ആരോഗ്യ സുരക്ഷാസേവന പ്രവർത്തകരും ആരോഗ്യസുരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഓർഡിനൻസ് 2010 ആഗസ്റ്റ് 21-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും അത് 2010 ആഗസ്റ്റ് 26-ാം തീയതിയിലെ 1959-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010-ലെ 51-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ 2010 ഡിസംബർ 21-ാം തീയതി ആരംഭിച്ച് 2011 ജനുവരി 3-ാം തീയതി അവസാനിച്ച നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ 2011-ലെ കേരള ആരോഗ്യ

സുരക്ഷാസേവന പ്രവർത്തകരും ആരോഗ്യസുരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഓർഡിനൻസ് 2011 ജനുവരി 22-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും അത് 2011-ലെ 19-ാം നമ്പർ ഓർഡിനൻസായി 2011 ജനുവരി 23-ാം തീയതിയിലെ 155-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2011 ഫെബ്രുവരി 4-ാം തീയതി ആരംഭിച്ച് 2011 ഫെബ്രുവരി 24-ാം തീയതി അവസാനിച്ച നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ 2011-ലെ കേരള ആരോഗ്യസുരക്ഷാ സേവന പ്രവർത്തകരും ആരോഗ്യസുരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഓർഡിനൻസ് 2011 മാർച്ച് 17-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും അത് 2011-ലെ 23-ാം നമ്പർ ഓർഡിനൻസായി 2011 മാർച്ച് 18-ാം തീയതിയിലെ 662-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിനു പകരം, സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2011 ജൂൺ 1-ാം തീയതി ആരംഭിച്ച് 2011 ജൂലൈ 24-ന് അവസാനിച്ച പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. തൽഫലമായി ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (ക) ഉപഖണ്ഡം പ്രകാരം, പ്രസ്തുത ഓർഡിനൻസ് 2011 ജൂലൈ 13-ാം തീയതി പ്രാബല്യത്തിൽ ഇല്ലാതായി തീരുകയും ചെയ്തു. 2011-ലെ 23-ാം നമ്പർ ഓർഡിനൻസ് പ്രാബല്യത്തിൽ ഇല്ലാതായതിനുശേഷം എടുത്ത നടപടികൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അവ സാധൂകരിക്കുന്നതിനുള്ള സാധൂകരണ വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടും പ്രസ്തുത ഓർഡിനൻസിലെ 6-ാം ഖണ്ഡം ഒഴിവാക്കിക്കൊണ്ടും ഉള്ള "2011-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ബിൽ" പതിമൂന്നാം കേരള നിയമസഭയുടെ 33-ാം നമ്പർ ബിൽ ആയി പ്രസിദ്ധീകരിച്ചുവെങ്കിലും 2011 സെപ്റ്റംബർ 26-ാം തീയതി ആരംഭിച്ച് 2011 നവംബർ 4-ാം തീയതി അവസാനിച്ച പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഓർഡിനൻസ് 2012 ഫെബ്രുവരി 11-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും അത് 2012-ലെ 20-ാം നമ്പർ ഓർഡിനൻസായി 2012 ഫെബ്രുവരി 11-ാം തീയതിയിലെ 290-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

8. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏല്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 7-ാം ഖണ്ഡം, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അത് നടപടിക്രമം സംബന്ധിച്ചതോ ഭരണപരമായ സ്വഭാവത്തോടുകൂടിയതോ ആകുന്നു. കൂടാതെ ചട്ടങ്ങൾ, അവ പുറപ്പെടുവിച്ചതിനുശേഷം നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്കു വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, ആയതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാകുന്നു.

അടൂർ പ്രകാശ്